# സ്മാർട്ട് സിറ്റി കരാർ: മിഥ്യയും യാഥാർത്ഥ്യങ്ങളും

യുഡിഎഫ് സർക്കാർ എറണാകുളം ജില്ലയിൽ കാക്കനാട്ട് ഇൻഫോ പാർക്കിനോടനുബന്ധിച്ച് ആരംഭിക്കുവാൻ ഉദ്ദേശിച്ച ഐടി അധിഷ്ഠിത വ്യവസായ പാർക്കാണ് സ്മാർട്ട് സിറ്റി. ടീകോം എന്നറിയപ്പെടുന്ന ദുബായ് ടെക്നോളജി, ഇലക്ട്രോണിക്സ്, കോമേഴ്സ് & മിഡിയ സോൺ അതോറിറ്റിയാണ് സംസ്ഥാന സർക്കാരുമായി ചേർന്ന് സ്മാർട്ട് സിറ്റി എന്ന പേരിൽ കമ്പിനി രൂപീകരിക്കാൻ മുമ്പോട്ട് വന്നത്. ടീകോം ദുബായിൽ നടത്തുന്ന സമാന സ്വഭാവമുള്ള സ്ഥാപനമാണ് എറണാകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ദുബായ് ഇന്റർനെറ്റ് സിറ്റി. ഇൻഫോ പാർക്ക് ഐടി വ്യവസായത്തിൽ മാത്രം ഊന്നുമ്പോൾ ഐറ്റി, ബാക്ക് ഓഫീസ് ഓപ്പറേഷൻസ്, സെയിൽസ് & മാർക്കറ്റിംഗ്, ബിസിനസ് സർവ്വീസ് കൺസൾട്ടൻസി, ബയോ ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ ഊന്നിയുള്ള വ്യവസായ പാർക്കാണ് സ്മാർട്ട് സിറ്റി. ഇതോടൊപ്പം ജോലിക്കാർക്കും കുടുംബങ്ങൾക്കും ആവശ്യമായ എല്ലാ നഗര സൗകര്യങ്ങളും ഇവിടെ ഉണ്ടാകും.

സുദീർഘമായ ചർച്ചകളിലൂടെ യു.ഡി.എഫ്. സർക്കാർ കേരളത്തിൽ ഉറപ്പിച്ച സ്മാർട്ട് സിറ്റി പദ്ധതി ഇപ്പോൾ യാഥാർത്ഥ്യമായതിനെ തുടർന്ന് ഇത് ഇടതുസർക്കാരിന്റെ നേട്ടമായി ചിത്രീകരിച്ച് പ്രചാരണം നടക്കുകയാണ്. യു.ഡി.എഫിന്റേതിനേക്കാൾ മെച്ചപ്പെട്ട വ്യവസ്ഥകളിലാണ് കരാർ ഒപ്പിട്ടതെന്നാണ് ഇടതുപക്ഷം പ്രചരിപ്പിക്കുന്നത്.

എന്നാൽ, വിശദാംശങ്ങളിലേക്കു ചൂഴ്ന്നിറങ്ങുമ്പോൾ എൽഡിഎഫ് കരാറിലെ കുരുക്കുകളും യു.ഡി.എഫ്. കരാറിലുണ്ടായിരുന്നതിനേക്കാൾ പതിന്മടങ്ങ് ആനുകൂല്യങ്ങളും സൗജന്യങ്ങളുമാണ് കാണാൻ കഴിയുക. ധാരാളം ചതിക്കുഴികളും സൗജന്യങ്ങളുമുള്ള കരാറാണ് അച്യുതാനന്ദൻ സർക്കാർ ഒപ്പിട്ടത്.

സ്മാർട്ട് സിറ്റിക്ക് വേണ്ടി യു.ഡി.എഫ്. നല്കിയ ആനുകൂല്യം 46 കോടിയുടേത് ആയിരുന്നെങ്കിൽ ഇടതുപക്ഷത്തിന്റേത് ഇതിന്റെ പലമടങ്ങാണ്. ഭൂമിവിലയിൽ 265 കോടി രൂപ, പ്രാഥമിക മൂലധന നിക്ഷേപത്തിൽ 117 കോടി രൂപ, ആദായ നികുതിയിനത്തിൽ 34.94 കോടി രൂപ എന്നിങ്ങനെ നിരവധിയാണ് സാമ്പത്തിക ആനുകൂല്യങ്ങൾ.. കൂടാതെ 12% ഫ്രീഹോൾഡ് ഇനത്തിൽ 29.5

ഏക്കർ സൗജന്യ ഭൂമിയും നല്കിയിരിക്കുന്നു. സൗജന്യങ്ങളൊന്നുമില്ലെന്ന് ആവർത്തിച്ച് പ്രചരിപ്പിക്കുന്ന തിനിടയ്ക്കാണ് സൗജന്യങ്ങളുടെ പ്രളയം.

സംസ്ഥാനത്തിനു നഷ്ടം വരുത്തുന്ന സൗജന്യങ്ങൾക്കു പുറമെ ദോഷകരമായ നിരവധി വ്യവസ്ഥകളും കരാറിലുണ്ട്. ഐടി തൊഴിൽ ഉണ്ടാക്കണമെന്ന് യു.ഡി.എഫ്. കരാറിലേതുപോലെ ഇപ്പോൾ വ്യവസ്ഥയില്ല. തൊഴിൽ പ്രദാനം ചെയ്യുന്നതിൽ വീഴ്വരുത്തിയാൽ ശിക്ഷാവ്യവസ്ഥകളില്ല. മന്ത്രിസഭാ തീരുമാനത്തിനുശേഷം കരാറിലെ നിരവധി വ്യവസ്ഥകൾ ടീകോം കമ്പനിക്ക് അനുകൂലമായി മാറ്റം വരുത്തിയിരിക്കുന്നതു കാണാം. അതുകൊണ്ടാണ് കരാറിനെക്കുറിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു യുഡിഎഫ് ആവശ്യപ്പെടുന്നത്.

**സൗജന്യങ്ങൾ:** വിലകുതിച്ചുയരുന്ന സ്മാർട്ട് സിറ്റി പ്രദേശത്ത് 246 ഏക്കർ ഭൂമി കൈമാറുമ്പോൾ സർക്കാരിനു ലഭിക്കുന്നത് 104 കോടിരൂപയാണ്. രണ്ടു വർഷം മുമ്പ് ഇതേ സ്ഥലത്തിന് ഏക്കറിന് 3.5 കോടി രൂപ വിലയിട്ട അച്യുതാനന്ദൻ ആണ് ഇപ്പോൾ അതിലും വളരെ താഴ്ന്ന വിലയിട്ടിട്ട് ഭൂമി നല്കുന്നത്. അച്യുതാനന്ദൻ അന്നിട്ട വിലയനുസരിച്ച് 246 ഏക്കർ ഭൂമിക്ക് 861 കോടി രൂപ വരും. ആ കണക്കിൽ സൗജന്യം 757 കോടി രൂപ. അവിടെ റവന്യു അധികൃതർ നിശ്ചയിച്ച ശരാശരി വിലയായ ഏക്കറിന് 1.5 കോടി രൂപ പ്രകാരം 246 ഏക്കർ ഭൂമിക്ക് 369 കോടി രൂപ വിലയാകും. എന്നാൽ സർക്കാരിനു ലഭിക്കുന്നത് 104 കോടി രൂപയും. അതായത് സ്മാർട്ട് സിറ്റിക്കുള്ള ഭൂമിയുടെ വിലയിനത്തിൽ നല്കിയിരിക്കുന്ന സൗജന്യം 265 കോടി രൂപ. സ്ഥലവിലയിൽ യു.ഡി.എഫ്. പരസ്യമായി 46 കോടി രൂപയുടെ സൗജന്യം അവദിച്ചപ്പോൾ ഇടതു സർക്കാർ റവന്യൂ അധികൃതരുടെ മൂല്യനിർണയമനുസരിച്ച് 265 കോടിയുടെ സൗജന്യവും അച്യുതാനന്ദന്റെ തന്നെ പഴയ കണക്കനുസരിച്ച് 757 കോടിയുടെ സൗജന്യവുമാണ് രഹസ്യമായി നല്കിയിരിക്കുന്നത്. ഇന്നത്തെ മാർക്കറ്റ് വില കണക്കാക്കിയാൽ ഇതിനേക്കാൾ എത്രയോ അധികമായിരിക്കും സൗജന്യം. ഈ സത്യം ജനം തിരിച്ചറിയും എന്നു മനസിലാക്കിയതുകൊണ്ടാണ് സ്മാർട്ട് സിറ്റിക്കു നല്കുന്ന ഭൂമിയുടെ വില വെളിപ്പെടുത്താൻ മുഖ്യമന്ത്രി തയ്യാറാകാത്തത്.

സർക്കാരിന്റെ 110 ഏക്കറിന്റെ വില പറയുന്നില്ല. 136 ഏക്കർ സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്ന് ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് വെളിപ്പെടുത്തുന്നില്ല. 12% ഭൂമി (29.5 ഏക്കർ)പൂർണ ാവകാശത്തോടെ ടീകോമിന് നല്കുമ്പോൾ വാങ്ങുന്ന തുക

എത്രയെന്നും വ്യക്തമാക്കുന്നില്ല. ഇതാണ് ഇടതു സർക്കാരിന്റെ സുതാര്യതയുടെ മുഖമുദ്ര.

**99 വർഷത്തെ പാട്ടം:** കേരളത്തിന്റെ ഭൂമി സ്മാർട്ട് സിറ്റിക്ക് വിറ്റിട്ടേയില്ല എന്നു മേനിപറയുന്നവർ 99 വർഷത്തെ പാട്ടം എന്നു പറഞ്ഞാൽ അതു വില്പനയാണെന്ന യാഥാർത്ഥ്യം അംഗീകരിക്കണം. പാട്ടം പുതുക്കാനുള്ള വ്യവസ്ഥകൂടി പുതുതായി എഴുതിച്ചേർത്തതിനാൽ അത് പൂർണ്ണ വില്പന തന്നെയാണ്. പാട്ടഭൂമി പണയപ്പെടുത്തുന്നതിനും അതിൽ ബാധ്യത സൃഷ്ടിക്കുന്നതിനും മൂന്നാമതൊരു പാർട്ടിക്ക് ഇതേ ഭൂമിയോ അതിൽ പണിയുന്ന കെട്ടിടമോ സബ് ലീസ് ചെയ്യുന്നതിനും പാട്ടക്കാരനെ അധികാരപ്പെടുത്തിയിരിക്കുന്നു. കേട്ടുകേഴ്വിപോലും ഇല്ലാത്ത വിചിത്ര വ്യവസ്ഥകളാണ് ഇവയൊക്കെ. പാട്ടഭൂമിക്കും 29.5 ഫ്രീഹോൾഡ് ഭൂമിക്കും ഒരേവില തന്നെയാണ് ഈടാക്കുന്നത്. പൂർണവില്പനയാണ് നടക്കുന്നതെന്ന് ഇനി എന്തു തെളിവാണ് വേണ്ടത്?

**ഭൂമി വില**

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • 100 ഏക്കർ 99 കൊല്ലത്തെ പാട്ടത്തിന് (ഏക്കറിന് 1 രൂപ പാട്ടം) ഐ.ടി. പോളിസി പ്രകാരം നല്കുന്നു. ആ പ്രദേശത്ത് മാർക്കറ്റ് വില അനുസരിച്ച് കളക്ടർ നിശ്ചയിച്ച സ്ഥലത്തിന്റെ മൂല്യം സെന്റ് ഒന്നിന് 20000 രൂപ വച്ച് 100 എക്കറിന് 20 കോടി രൂപ.<br>• 136 ഏക്കർ അക്വയർ ചെയ്യുന്നതിന് 62 കോടി (ഏക്കറിന് 45500 രൂപ വച്ച്) - ടീകോം നൽകുന്നത് 36 കോടി. സർക്കാരിന് അധിക ചെലവ് 26 കോടി.<br>മൊത്തം സൗജന്യം 20+26 = 46 കോടി | • 246 എക്കർ പാട്ടത്തിന് - 104 കോടി രൂപ - പാട്ടം തീരുന്ന മുറയ്ക്ക് വീണ്ടും പുതുക്കാൻ വ്യവസ്ഥ<br>• ഇതിന്റെ 12 ശതമാനം (29.5 ഏക്കർ) പൂർണ്ണ അവകാശങ്ങളോടുകൂടി തീറ് കൊടുക്കും - പ്രത്യേക വിലയില്ലാതെ - ടീകോം ആവശ്യപ്പെടുന്നിടത്ത് കൊടുക്കണം.<br>• യു.ഡി.എഫ്. നിർദ്ദേശിച്ച അതേ 100 ഏക്കറും 136 ഏക്കറും മറ്റൊരു 10 ഏക്കറും(കിൻഫ്രയുടെ) ചേർന്നതാണ് ഈ 246 ഏക്കർ.<br>• അച്യുതാനന്ദൻ 2005-ൽ പറഞ്ഞ മൂല്യം സെന്റിന് 3.5 ലക്ഷം. അതായത് 246 ഏക്കറിന് 861 കോടി.<br>• 246 ഏക്കറിന്റെ ഇന്നത്തെ മൂല്യം എത്ര ചോദിച്ചിട്ടും ഗവൺമെന്റ് പറയുന്നില്ല.<br>• റവന്യൂ വകുപ്പ് ഇപ്പോൾ |

| | |
|---|---|
| | നിർദ്ദേശിച്ചിരിക്കുന്ന ശരാശരി വില സെന്റിന് 1.5 ലക്ഷം. ( നികത്ത് ഭൂമിക്ക് 1 ലക്ഷം രൂപ, കര ഭൂമിക്ക് 1.5 ലക്ഷം, PWD റോഡ് സൈഡ് ഭൂമിക്ക് 2 ലക്ഷം രൂപ) 246 ഏക്കറിന് 369 കോടി രൂപ. അതായത് സൗജന്യം 369-104=265 കോടി.<br>• അച്യുതാനന്ദന്റെ അന്നത്തെ കണക്കിൽ ആണെങ്കിൽ മൊത്തം സൗജന്യം (861-104) 757 കോടി. കരാർ ഒപ്പിടുമ്പോൾ യഥാർത്ഥ ഭൂമി വില പ്രകാരം സൗജന്യം ആയിരം കോടിയിലധികം. സ്മാർട്ട് സിറ്റി പരിസരത്ത് രണ്ടു കാലഘട്ടങ്ങളിലുമുള്ള വിലനിലവാരത്തെക്കുറിച്ച് നിഷ്പക്ഷ അന്വേഷണം നടത്തിയാൽ യാഥാർത്ഥ്യം പുറത്തുവരും. |

**ഫ്രീ ഹോർഡ് സ്ഥലം 29.5 ഏക്കർ:** യു.ഡി.എഫ്. നല്കുന്ന ഭൂമി പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അകത്താണ്. അതുകൊണ്ടു തന്നെ അതു കൈമാറ്റം ചെയ്യാനോ വില്ക്കാനോ പാടില്ല. എന്നാൽ എൽ.ഡി.എഫ്. നല്കുന്ന 12% ഫ്രീ ഹോർഡ് സ്ഥലം (29.5 ഏക്കർ) സാമ്പത്തിക മേഖലയ്ക്ക് പുറത്താണ്. ഉടമയ്ക്ക് പൂർണ സ്വാതന്ത്ര്യമുള്ള ഈ ഭൂമി വില്ക്കുകയോ കൈമാറ്റം ചെയ്യുകയോ ആവാം. ഇപ്പോഴത്തെ വിലയനുസരിച്ച് ഈ സ്ഥലം ടീകോമിന് വലിയ ലാഭത്തിൽ വില്ക്കുവാൻ സാധിക്കും. ഭൂമി വില്പനയിൽ മാത്രം ഇത്രയധികം ആനുകൂല്യം നല്കിയിട്ടാണ് സൗജന്യം ഇല്ല എന്ന് പറഞ്ഞ് എൽ.ഡിഎഫ്. മേനിനടിക്കന്നതും യുഡിഎഫിനെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നതും.

## ഭൂമിവില്പന

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • 136 ഏക്കർ 36 കോടി രൂപയ്ക്ക്<br>• 100 ഏക്കർ പാട്ടഭൂമി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനനുസരിച്ച് മാത്രം ഘട്ടം ഘട്ടമായി ഫ്രീ | • 246 ഏക്കർ 104 കോടി രൂപയ്ക്ക്.<br>• 12 ശതമാനം ഭൂമി (29.5 ഏക്കർ) ഫ്രീ ഹോൾഡ് ആയി നല്കും.ടീകോം ചോദിക്കുന്ന സ്ഥലത്തു ആവശ്യപ്പെടുന്ന, |

| | |
|---|---|
| ഹോൾഡ് ആക്കും.<br>• ഇത് SEZ-ൽ ആണ് കൊടുക്കുന്നത് - വില്പന സാധ്യമല്ല<br>. | വിധത്തിൽ കൊടുക്കണം. പ്രത്യേക വില ഇല്ല.<br>• തൊഴിലവസരങ്ങളുമായി ബന്ധമില്ല.<br>തുടക്കത്തിൽ തന്നെ ഭൂമി ലഭ്യമാക്കാൻ വ്യവസ്ഥകൾ. |

**ഐടി തൊഴിൽ:** സ്മാർട്ട് സിറ്റിയുടെ ഉദ്ദേശലക്ഷ്യം തന്നെ ആയിരക്കണക്കിനു ഐടി തൊഴിലുകൾ സൃഷ്ടിക്കുകയും ഐടി കയറ്റുമതിയിലൂടെ വൻതോതിലുള്ള വരുമാനം വർദ്ധിപ്പിക്കുകയുമാണ്. ആ ലക്ഷ്യം ഇടതുകരാറിൽ പാടേ അടിതെറ്റി. നേരിട്ട് 33,300 **ഐടി തൊഴിൽ** എന്നതായിരുന്നു യുഡിഎഫിന്റെ മുഖ്യലക്ഷ്യം. ഒരു ഐടി തൊഴിലിന് 3 പരോക്ഷ തൊഴിൽ ലഭിക്കുമെന്ന് എല്ലാവർക്കുമറിയാം. ഇടതു കരാറിൽ അത് 90,000 തൊഴിൽ എന്നാക്കി. സൃഷ്ടിക്കാത്ത ഓരോ തൊഴിലിനും പിഴ ഈടാക്കാൻ യുഡിഎഫ് വ്യവസ്ഥ ചെയ്തിരുന്നു. 5 വർഷം കൊണ്ട് 5000 തൊഴിൽ, 7 വർഷം കൊണ്ട് 15000 തൊഴിൽ, 10 വർഷംകൊണ്ട് 33300 തൊഴിൽ എന്നിങ്ങനെ സമയബന്ധിതമായിരുന്നു യുഡിഎഫ് കരാർ. ഇൻഫോപാർക്കിൽ നിലവിലുള്ളതും വിപ്രോ, ലീല തുടങ്ങിയവയിൽ വരാനിരിക്കുന്നവയ്ക്ക് പുറമെയുമാണ് ഈ തൊഴിൽ.

അതേസമയം, എൽ.ഡി.എഫ്. കരാർ 90,000 തൊഴിൽ സൃഷ്ടിക്കപ്പെടും എന്ന് ഉറപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി. Tecom shall generate 90,000 jobs (90,000 തൊഴിൽ ടീകോം ഉണ്ടാക്കിയിരിക്കണം) എന്ന വ്യവസ്ഥ അവസാന നിമിഷം Tecom shall make best efforts to generate (ടീകോം തൊഴിലുണ്ടാക്കാൻ പരമാവധി ശ്രമിക്കണം) എന്നാക്കി മാറ്റിയതോടെ തൊഴിൽ ഉറപ്പുവരുത്തുവാനുള്ള വ്യവസ്ഥ വളരെ ദുർബലമായി. മന്ത്രിസഭ അംഗീകരിച്ച വ്യവസ്ഥയിൽ ഇങ്ങനെ വെള്ളം ചേർത്തത് എന്തായാലും സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാനല്ല എന്നു വ്യക്തം.

**തൊഴിൽ**

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • നൂറേക്കൽ ഭൂമിക്കു പകരം 33,300 Direct Job ഉണ്ടാകണം. (ഒരു ഐ.ടി.പ്രത്യക്ഷ തൊഴിൽ, മൂന്ന് പരോക്ഷ തൊഴിൽ സൃഷ്ടിക്കും.) | • 90,000 തൊഴിൽ - Direct എന്ന വാക്ക് ഇല്ല.<br>• 90,000 തൊഴിലവസരം ഉണ്ടാക്കാൻ 'പരമാവധി ശ്രമിക്കണം'. എന്നു മാത്രം |

| | |
|---|---|
| • Penal Clause - സൃഷ്ടിക്കാത്ത ഓരോ തൊഴിലിനും 6000 രൂപ പിഴ.<br>• പിഴ അടച്ചതു കൊണ്ട് സ്ഥലം സൗജന്യമായി കിട്ടുന്നില്ല - തൊഴിൽ നല്കിയാൽ മാത്രമാണ് സൗജന്യം.<br>• 5 വർഷം കൊണ്ട് 5000, 7 വർഷം കൊണ്ട് 15000, 10 വർഷം കൊണ്ട് 33300 എന്ന രീതിയിൽ സമയബന്ധിതമായിരുന്നു. | വ്യവസ്ഥ.<br>• എപ്പോൾ എത്ര തൊഴിൽ എന്നൊന്നും ഇല്ല. 10 വർഷം കഴിയുമ്പോൾ ഉള്ള കണക്കു മാത്രം.<br>• തൊഴിൽ നല്കുവാനുള്ള ബാധ്യതയിൽ നിന്ന് ടീകോമിനെ പൂർണമായും ഒഴിവാക്കുന്ന വ്യവസ്ഥ അവസാന നിമിഷം ഒപ്പിടുമ്പോൾ എന്തിന് എഴുതിച്ചേർത്തു എന്ന ചോദ്യത്തിനും ഉത്തരമില്ല. |

യു.ഡി.എഫ്. കാരാറിൽ 20,000 തൊഴിലും 20 ലക്ഷം ചതുരശ്രയടിയും എന്ന പദപ്രയോഗം ഇടതുപക്ഷം പ്രചരിപ്പിക്കുന്നതു പോലെ ടീകോമിന് നല്കിയ ഇളവല്ല. 100 ഏക്കർ ഭൂമി പാട്ടത്തിനു നല്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് 20,000 തൊഴിലും 20 ലക്ഷം ചതുരശ്ര അടി കെട്ടിടവും ഉണ്ടാക്കിയില്ലെങ്കിൽ സ്വീകരിക്കേണ്ട ശിക്ഷാനടപടികൾക്ക് വേണ്ടി മാത്രമുള്ള വ്യവസ്ഥയാണത്.

**ഐടി നയപ്രകാരമുള്ള ആനുകൂല്യം:** സ്മാർട്ട് സിറ്റിയിൽ വരുന്ന കമ്പനികളിൽ ആദ്യം ഉണ്ടാകുന്ന ജോലിമുതൽ തുടർന്നുണ്ടാകുന്ന മുഴുവൻ ജോലികൾക്കും ഐടി നയപ്രകാരം സർക്കാർ പ്രഖ്യാപിക്കുന്ന എല്ലാ സൗജന്യങ്ങൾക്കും ഇടതുകരാർ അർഹത നല്കി. അതത് കാലഘട്ടത്തിൽ സർക്കാരിന് വളരെ അധികം ബാദ്ധ്യത വരുത്തിവയ്ക്കുന്നതാണിത്. എന്നാൽ, 33,300 തൊഴിൽ ഉണ്ടാകുന്നതു വരെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ആനുകൂല്യത്തിന് അർഹതയില്ലെന്നാണ് യുഡിഎഫ് വ്യവസ്ഥ. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ടീകോമിന് ബാധ്യത ഇല്ലാതെയാക്കിയാണ് ഐടി നയപ്രകാരമുള്ള ആനുകൂല്യങ്ങൾ ടീകോമിന് പുതിയ കരാർ പ്രകാരം നല്കുന്നത്. സൗജന്യങ്ങൾ ഒന്നും ടീകോമിന് കൊടുക്കുന്നില്ലാ എന്നു വരുത്തിതീർക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നത് ഈ ആനുകൂല്യങ്ങൾ നല്കുവാനാണ്.

**മൂലധനവും ഓഹരിയും:** രണ്ട് കരാറുകളിലും അംഗീകൃത മൂലധനം 680 കോടിയാണ്. എന്നാൽ യു.ഡി.എഫ്. കരാറിൽ പ്രാരംഭ അംഗീകൃത മൂലധനം 240 കോടിയായിരുന്നത് എൽ.ഡി.എഫ് 120 കോടിയാക്കി വെട്ടിക്കുറച്ചു. പ്രാരംഭമൂലധനമെന്നാൽ കമ്പനി ആദ്യം സ്വയം മുടക്കേണ്ട തുകയാണ്. യുഡിഎഫ് കരാർ പ്രകാരം സർക്കാരിന്റെ 9% ഓഹരി വില കിഴിച്ച് 218.4 കോടി രൂപ ടീകോം മുടക്കണം. എൽഡിഎഫ് കരാർ പ്രകാരം 16% ഓഹരിയുടെ വില

കിഴിച്ച് 100.8 കോടി മുടക്കണം. അതായത് ടീകോമിന് ആദ്യമുടക്കു മുതലിൽ മാത്രം 117.6 കോടി രൂപയുടെ കുറവ്.

104 കോടി രൂപ ഭൂമി വിലയായി സർക്കാരിനു നല്കുമ്പോൾ വെറും 16 കോടി രൂപ മാത്രമാണ് കമ്പനിയുടെ കൈയിൽ അവശേഷിക്കുന്നത്. തന്മൂലം കൂടുതൽ മൂലധന നിക്ഷേപം കടമായിട്ടുവേണം എത്തിക്കുവാൻ. അപ്പോൾ കമ്പനിക്ക് പലിശ ഇനത്തിൽ വൻബാധ്യത ഉണ്ടാകും. ഈ സാഹചര്യം ഒഴിവാക്കാനാണ് യു.ഡി.എഫ്. പ്രാരംഭ അംഗീകൃത മൂലധനം 240 കോടിയായി നിശ്ചയിച്ചത്. മൂലധനനിക്ഷേപം കുറയ്ക്കുക വഴി ഇടതുപക്ഷം ടീക്കോമിന് വൻസഹായം നല്കുകയാണ് ചെയ്തത്.

സർക്കാർ ഓഹരി യു.ഡി.എഫിന്റെ കരാറിൽ 9 ശതമാനം ആയിരുന്നത് എൽ.ഡി.എഫ്. 26 ശതമാനമാക്കി എന്നതാണ് മറ്റൊരു നേട്ടമായി ചിത്രീകരിച്ചിരിക്കുന്നത്. ഇതിൽ ആദ്യ ഗഡു 16 ശതമാനവും ബാക്കി 10 ശതമാനം അഞ്ചു വർഷത്തിനു ശേഷവുമാണ്. 9 ശതമാനം ഓഹരിയും 16 ശതമാനം ഓഹരിയും തമ്മിൽ കമ്പനി നിയമ പ്രകാരം ഒരു വ്യത്യാസവും ഇല്ല. എന്നാൽ അവശേഷിക്കുന്ന 10 ശതമാനം ഓഹരി അഞ്ചു വർഷത്തിനുശേഷം അന്നത്തെ മൂല്യമനുസരിച്ച് വലിയ പ്രീമിയം നല്കി വാങ്ങേണ്ടി വരുമ്പോൾ അതു സർക്കാരിനു വലിയ ബാധ്യതയാകും. ഇക്കാര്യം യുഡിഎഫ് ഉന്നയിച്ചപ്പോൾ, വൈകി വന്ന വെളിപാടുപോലെ മുഖ്യമന്ത്രി പറയുന്നത് 10% ഓഹരി എടുക്കുവാൻ നിയമപരമായ ബാധ്യതയില്ല എന്നാണ്. അതായത് സർക്കാരിനിതു വാങ്ങാൻ ഉദ്ദേശ്യമേയില്ല എന്ന്. 26% ഓഹരി എടുക്കുമ്പോൾ ഒരു ഡയറക്ടറെ കൂടി ഗവൺമെന്റിന് ലഭിക്കും. എല്ലാ തീരുമാനങ്ങളും ബോർഡിന്റെ ഭൂരിപക്ഷപ്രകാരം എടുക്കാവുന്നതാണെന്നു കരാർ വ്യക്തമാക്കുന്നുണ്ട്. എങ്കിൽ 10 അംഗ ഡയറക്ടർ ബോർഡിൽ ഒരംഗത്തെ കൂടി കിട്ടിയതുകൊണ്ട് എന്തു പ്രയോജനം?

**ഓഹരി**

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • അംഗീകൃത മൂലധനം - 680 കോടി<br>• പ്രാരംഭ അംഗീകൃത മൂലധനം - 240 കോടി<br>• സർക്കാരിന് 9% ഷെയർ - 21.6 കോടി രൂപ നിക്ഷേപിക്കണം<br>• ടീക്കോമിന് 91% ഷെയർ - | • അംഗീകൃത മൂലധനം - 680 കോടി<br>• പ്രാരംഭ അംഗീകൃത മൂലധനം - 120 കോടി രൂപ.<br>• സർക്കാരിന് 16% ഷെയർ - 19.2 കോടി രൂപ നിക്ഷേപിക്കണം (പക്ഷേ 9%-ത്തിന്റെ അധികാരങ്ങൾ മാത്രം). |

| | |
|---|---|
| 218.4 കോടി രൂപ നിക്ഷേപിക്കണം<br>• സർക്കാർ വിഹിതം ഇൻഫോ പാർക്കിന്റെ വിലയായ 109 കോടിയിൽ നിന്നും കിഴിക്കും.(21.6 കോടി കഴിഞ്ഞ് ബാക്കി 87.4 കോടി രൂപ ഗവൺമെന്റിന് ലഭിക്കും).<br>• 9% ഷെയറിന് വേണ്ടിവരുന്ന തുക കിഴിച്ച് ഗവൺമെന്റിനു ലഭിക്കുന്ന 87.4 കോടി രൂപ ഐ.ടി. വികനത്തിനു വേണ്ടി വിനിയോഗിക്കുവാൻ ലക്ഷ്യം വച്ചിരുന്നു. | • ടീകോമിന് 84% ഷെയർ - 100.8 കോടി നിക്ഷേപിച്ചാൽ മതി.<br>• നിക്ഷേപം 40% ആയി കുറച്ചതു വഴി ടീകോമിനു ലാഭം 117.6 കോടി. (218.4-100.8)= 117.6<br>• സർക്കാർ വിഹിതമായ 19.2 കോടി പാട്ടത്തുകയായ 104 കോടിയിൽ നിന്നും കിഴിക്കും.<br>• 5 വർഷത്തിനുശേഷം അന്നത്തെ വിലയ്ക്ക് 10% ഷെയർ സർക്കാരിന് ലഭിക്കും - ഒരുസ്വതന്ത്ര ഏജൻസി നിശ്ചയിക്കുന്ന വിലയ്ക്ക് (ഇതിന് പക്ഷേ 400 - 500 കോടി രൂപയെങ്കിലും അന്ന് കൊടുക്കേണ്ടി വരും. - സർക്കാരിന് ബാദ്ധ്യത ആകും). |

യു.ഡി.എഫിന്റെ 9 ശതമാനം ഓഹരി പ്രകാരം ചെയർമാനും ഒരു ഡയറക്ടറും സർക്കാരിനാണ്. എൽ.ഡി.എഫിന്റെ 16 ശതമാനം ഓഹരിയിലും അതേ വ്യവസ്ഥ തന്നെ. എന്നാൽ, കമ്പനിയുടെ ചെയർമാൻ ഗവൺമെന്റ് സെക്രട്ടറി ആയിരിക്കണം എന്ന യു.ഡി.എഫ് വ്യവസ്ഥ മാറ്റി അത് ഗവൺമെന്റിന്റെ അല്ലെങ്കിൽ ഒരു മന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറി എന്ന് എൽ.ഡി.എഫ് മാറ്റി. അതായത് ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കു വരെ സ്മാർട്ട് സിറ്റിയുടെ ചെയർമാനാകാമെന്നു ചുരുക്കം. ഈ സ്ഥാപനത്തെ വലിയൊരു സംരംഭമായി വളർത്തുന്നതിനു പകരം സ്വന്തക്കാരെ തിരുകിക്കയറ്റാനുള്ള ഇടതു സർക്കാരിന്റെ രഹസ്യ അജൻഡയാണ് ഇതിലൂടെ പുറത്തുവരുന്നത്.

**ആദായനികുതി ആനുകൂല്യം:** സ്ഥലമിടപാടിൽ ടീകോമിൽ നിന്നും ലഭിക്കുന്ന 104 കോടി രൂപയും പാട്ടത്തുകയായാണ് വാങ്ങുന്നത്. ഇത് ചെലവിനത്തിൽ കാണിച്ച് ടീ കോമിന് 33.6% ആദായനികുതി ഒഴിവ് നേടാൻ കഴിയും. അതായത് ടീകോം സ്ഥലവിലയായി നല്കുന്ന 104 കോടി രൂപയിൽ 34.94 കോടി രൂപ അവർക്ക് തിരിച്ചു കിട്ടുമെന്നു വ്യക്തം. ഇത് സ്മാർട്ട് സിറ്റിക്കു നല്കിയ സൗജന്യമല്ലേ എന്ന ചോദ്യത്തിനും മുഖ്യമന്ത്രിക്കു മറുപടിയില്ല.

**ഇൻഫോപാർക്ക്:** 3.5 ലക്ഷം ചതുരശ്ര അടിയുള്ള ഇൻഫോ പാർക്ക് കെട്ടിടങ്ങളും 62.72 ഏക്കർ ഭൂമിയും ചേർത്ത് 109 കോടി രൂപയ്ക്ക് സർക്കാർ പങ്കാളിത്വമുള്ള സ്മാർട്ട് സിറ്റി കമ്പനിക്ക് നല്കാനായിരുന്നു യു.ഡി.എഫ് കരാർ. 2005ൽ ഈ കെട്ടിടത്തിനും സ്ഥലത്തിനും 80 കോടി രൂപയാണ് സർക്കാർ വിലമതിച്ചിരുന്നത്. അന്ന് പ്രതിപക്ഷനേതാവ് നിശ്ചയിച്ച വിലയാകട്ടെ 70 കോടിയും. അതിൽ നിന്ന് 39 കോടി രൂപ അധികം വാങ്ങി ഇൻഫോപാർക്ക് കൈമാറാനാണ് യുഡിഎഫ് തീരുമാനിച്ചത്. 3.5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടത്തിന് 35 കോടി രൂപ കണക്കാക്കിയാൽപ്പോലും 109 കോടിയിൽ 74 കോടിയാണ് ഭൂമിവില. അതായത് സെന്റിന് 1.18 ലക്ഷം രൂപ.

ഇൻഫോപാർക്ക് പൊതുമേഖലയിൽ തന്നെ നിലനിർത്തുമെന്നും വളരെ വേഗം വികസിപ്പിച്ചെടുക്കുമെന്നും പ്രഖ്യപിച്ച മുഖ്യമന്ത്രി സ്മാർട്ട് സിറ്റി ചർച്ച നടക്കുന്നതിനിടയിൽ 62.72 ഏക്കർ ഭൂമിയിൽ നിന്നു 22 ഏക്കർ ടി.സി.എസിനും ഐ.ബി.എസിനും എൽ. & റ്റിക്കും സെന്റിന് 69,000 രൂപ നിരക്കിലാണ് നല്കിയത്. 2005ൽ സെന്റിന് 1.18 ലക്ഷം രൂപ വിലയുണ്ടായിരുന്ന ഭൂമി 2007-ൽ നല്കിയപ്പോൾ ലഭിച്ചത് 69000 രൂപ. നഷ്ടം സെന്റിന് 49000 രൂപ! ഇൻഫോപാർക്കിന്റെ വികസനത്തിന് സർക്കാർ മുൻവർഷം പ്രത്യേകമായൊന്നും ചെയ്തതുമില്ല.

നാലു വർഷം മുമ്പ് സ്ഥാപിതമായ ഇൻഫോപാർക്ക് തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഒരിഞ്ച് സ്ഥലം പോലും കെട്ടിടത്തിൽ ബാക്കി ഉണ്ടായിരുന്നില്ല. വൻതോതിൽ പണം മുടക്കി ഇൻഫോപാർക്ക് വികസിപ്പിക്കുവാൻ സർക്കാരിനു പണമില്ല. സ്മാർട്ട് സിറ്റിയുടെ വരവോടെ കൊച്ചിയിൽ ഐടി സമ്രാജ്യം ഉയരുമ്പോൾ അതിനിടയിൽപ്പെട്ട ഇൻഫോപാർക്ക് ശോഭിക്കാന് സാധ്യത കുറവാണ്.

ഇൻഫോപാർക്ക് ലഭിക്കുകയായിരുന്നെങ്കിൽ ഒരു Operational park എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരമുള്ള കമ്പിനികളെ ആകർഷിക്കുവാൻ കഴിയമായിരുന്നു. കരാർ ഒപ്പിട്ടാൽ അടുത്ത ദിവസം മുതൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് ടീകോം ഉറപ്പുനൽകിയ സാഹചര്യത്തിലാണ് സംയുക്തമേഖലയിലെ കമ്പിനിക്ക് ഇൻഫോ പാർക്ക് കൈമാറുവാൻ തീരുമാനിച്ചത്. ഐടി പോലുള്ള വ്യവസായത്തിന് ഇത്തരം ക്ഷിപ്രസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടി വരും. പുതിയ കരാർ പ്രകാരം സ്മാർട്ട് സിറ്റി പ്രവർത്തനക്ഷമമാകുവാൻ ഇനിയും വർഷങ്ങൾ വേണ്ടിവരും. ഇതിനോടകം രണ്ടു വർഷം നഷ്ടപ്പെട്ടു കഴിഞ്ഞു. ഈ നഷ്ടങ്ങൾ സംഭവിക്കാൻ പാടില്ലാത്തവയാണ്. ഇൻഫോപാർക്ക് കൈമാറാനുള്ള യുഡിഎഫ്

തീരുമാനം യുക്തിഭദ്രമാണെന്ന് ദീർഘവീക്ഷണത്തോടെ നോക്കുമ്പോൾ വ്യക്തമാണ്.

**ഇൻഫോപാർക്ക്**

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • ഇൻഫോ പാർക്കും 62.72 ഏക്കർ സ്ഥലവും 109 കോടി രൂപയ്ക്ക്<br>• 3000 പേർ നിലവിൽ ജോലി ചെയ്തിരുന്നു. മുഴുവൻ സ്ഥലവും ബുക്കു ചെയ്തിരുന്നു. നിലവിലുള്ള കെട്ടിടങ്ങളിൽ കൂടുതൽ സ്ഥലം ഉണ്ടായിരുന്നില്ല.<br>• ഇൻഫോ പാർക്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.<br>• ഇൻഫോ പാർക്കിലെ തൊഴിൽ മുഴുവൻ സംരക്ഷിക്കണം എന്ന കൃത്യമായ വ്യവസ്ഥ.<br>• ഇൻഫോ പാർക്കിൽ നിലവിലുള്ള ജോലികൾ 33300 തൊഴിലവസരത്തിൽ ഉൾപ്പെടുന്നില്ല.<br>• 3.5 ലക്ഷം Sq.ft. കെട്ടിടത്തിന് 35 കോടി വിലയിട്ടാൽപോലും ബാക്കി സ്ഥലത്തിന് 1.18 ലക്ഷം/ സെന്റ് എന്ന നിരക്കിൽ കിട്ടുമായിരുന്നു. (ഇത് 2005-ൽ കിട്ടേണ്ടിയിരുന്നതാണ്). | • ഇൻഫോ പാർക്ക് കൊടുക്കുന്നില്ല.<br>• പൊതുമേഖലയിൽ തന്നെ നിലനിർത്തും എന്ന് പ്രഖ്യാപിച്ചു.<br>• 2006 ഡിസംബറിൽ ഇവിടത്തെ 22 ഏക്കർ സ്ഥലം സ്വകാര്യ സ്ഥാപനങ്ങൾക്ക് സെന്റിന് 69000 രൂപ വച്ച് കൈമാറി. |

ഇൻഫോപാർക്ക് സർക്കാരിനു പങ്കാളിത്വമുള്ള സ്മാർട്ട് സിറ്റി കമ്പനിക്ക് കൈമാറുന്നതിലൂടെ ലഭിക്കുന്ന 109 കോടി രൂപയിൽ സർക്കാരിന്റെ 9% ഓഹരിയുടെ വിലയായ 21.6 കോടി രൂപ തട്ടിക്കിഴിക്കുമ്പോൾ 87.4 കോടി രൂപ സർക്കാരിനു ലഭിക്കുമായിരുന്നു. ഈ തുക ഉപയോഗിച്ച് മറ്റ് ജില്ലകളിലും ഐടി പാർക്കുകൾ സ്ഥാപിക്കുവാൻ യുഡിഎഫ് തീരുമാനിക്കുകയും ചെയ്തിരുന്നു.

**ഐടി പാർക്കുകൾ:** എറണാകുളം ജില്ലയിൽ അഞ്ചു വർഷത്തേക്ക് സർക്കാർ പങ്കാളിത്വത്തോടെ ഐടി പാർക്കുകൾ തുടങ്ങാൻ പാടില്ല എന്നായിരുന്നു വ്യവസ്ഥ. സ്മാർട്ട് സിറ്റി സർക്കാർ പങ്കാളിത്വമുള്ള

കമ്പനിയായതിനാൽ, സമാനമായ മറ്റൊരു കമ്പനി അനാരോഗ്യകരമായ മത്സരങ്ങൾക്ക് വഴിതുറക്കാൻ ഇടവരരുത് എന്ന് മാത്രമെ ഈ വ്യവസ്ഥകൊണ്ട് ഉദ്ദേശിച്ചുള്ളു. മറ്റ് സർക്കാർ ഏജൻസിക്കോ, സ്ഥാപനങ്ങൾക്കോ, സ്വകാര്യ സംരംഭകർക്കോ, ഐടി പാർക്ക് തുടങ്ങുന്നതിനു യാതൊരു തടസവുമില്ല. സ്മാർട്ട് സിറ്റിയുമായി ചർച്ച നടക്കുന്നതിനിടയ്ക്കാണ് സർക്കാർ ഏജൻസിയായ കിൻഫ്ര എറണാകുളത്ത് ഐടി പാർക്ക് തുടങ്ങുവാൻ കരാർ വച്ചത്. എന്നാൽ, ഇടതുപക്ഷം ഇത്തരം വസ്തുതകളെ പുകമറയിലാക്കിയാണ് യുഡിഎഫിനെതിരേ പ്രചാരണം അഴിച്ചുവിട്ടത്.

**ഏരിയ:** യു.ഡി.എഫ്. കരാർ പ്രകാരം 59.44 ലക്ഷം ചതുരശ്ര അടിയും (68%) എൽ.ഡി.എഫ്. കരാർ പ്രകാരം 62.16 ലക്ഷം (70 %) ചതുരശ്ര അടിയും ആണ് ഐടിക്കു വേണ്ടി പണിയേണ്ടത്. അതായത് വെറും രണ്ടു ശതമാനത്തിന്റെ വ്യത്യാസം മാത്രം. അതേസമയം മൊത്തം ഏരിയ രണ്ടു കരാറിലും 88 ലക്ഷം ചതുരശ്ര അടിയാണ്.

**Built up Area**

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • Annexure B യിലെ ഡവലപ്പ്മെന്റ് പ്ളാൻ അനുസരിച്ച് മാത്രം പണിയേണ്ടതാണ് - ഭൂമി അതനുസരിച്ച് മാത്രമേ ഉപയോഗിക്കാവൂ. (Art. 5.1 and 5.3).<br>• മൊത്തം ഏരിയ 88 ലക്ഷം Sq.ft.<br>• ഐ.ടി.ക്കു വേണ്ടി മാത്രം 59.44 ലക്ഷം Sq.ft.(68%)<br>• പദ്ധതി നടത്തിപ്പിന് വീഴ്ച വരുത്തിയാൽ ടീക്കോമിന്റെ മൊത്തം ഷെയർ സർക്കാരിന് തിരിച്ചെടുക്കാം (Art. 8.2.2.b) | • Annexure B യിലെ ഡവലപ്പ്മെന്റ് പ്ളാൻ അനുസരിച്ച് മാത്രം പണിയേണ്ടതാണ് - ഭൂമി അതനുസരിച്ച് മാത്രമേ ഉപയോഗിക്കാവൂ. (Art 5.1 or 5.3) - UDF ന്റെ കരാറിലെ അതേ വ്യവസ്ഥ.<br>• മൊത്തം ഏരിയ 88 ലക്ഷം Sq.ft.<br>• ഐ.ടി.ക്കു വേണ്ടി 62 ലക്ഷം Sq.ft. (70%). - യു.ഡി.എഫിനെക്കാൾ 2 ലക്ഷം Sq.ft. മാത്രമാണ് കൂടുതൽ ഉള്ളത്. |

പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തുന്ന പക്ഷം ടീകോമിന്റെ ഷെയർ സർക്കാരിന് ഏറ്റെടുക്കാം എന്ന് വ്യവസ്ഥ UDF കരാറിൽ ഉണ്ടായിരുന്നതുപോലെ തന്നെ മന്ത്രിസഭ അംഗീകരിച്ച കരട് കരാറിലും ഉണ്ടായിരുന്നു. ഷെയറിന്റെ വില നിശ്ചയിക്കുന്നതിന് കമ്പനിയുടെ ആസ്തി കണക്കുകൂട്ടുമ്പോൾ പാട്ടഭൂമിയുടെ വില പൂജ്യമായി കണക്കാക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ഇത് യുഡിഎഫ് കരാറിലെ അതേ വ്യവസ്ഥയാണ്. സ്ഥലവില പൂജ്യമായി കണക്കാക്കുമ്പോൾ ഷെയർ

വില കുറഞ്ഞിരിക്കും. എങ്കിൽ മാത്രമേ ഷെയറുകൾ ഏറ്റെടുക്കാൻ സ-ർക്കാരിന് സാധിക്കുകയുള്ളൂ. വലിയ വിലയുടെ ഷെയറുകൾ ഏറ്റെടുക്കുക അപ്രായോഗിക മാണ്. ഇതുകൊണ്ടാണ് സ്ഥലവില പൂജ്യമായി കണക്കാക്കാൻ നിശ്ചയിച്ചതും എൽഡിഎഫ് അത് പിന്തുടർന്നതും. എന്നാൽ ഒപ്പിട്ട കരാറിൽ സ്ഥലവില പൂജ്യമായി കണ ക്കാക്കണം എന്നത് മാറ്റി 91.52 കോടി രൂപയായി നിശ്ചയിച്ചു. ഇതുമൂലം ഷെയറിന് വലിയ വില നിശ്ചയിക്കേണ്ടി വരും. ഏറ്റെടുക്കൽ സർക്കാരിന് അമിതഭാരം വരുത്തിവയ്ക്കും. അതായത് ടീകോമിന്റെ ഓഹരി ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടായാൽ 91.52 കോടി രൂപയുടെ അധികബാധ്യത ഉണ്ടാകും.

## പദ്ധതി വീഴ്ചയിലെ പരിഹാരം

| യുഡിഎഫ് | എൽഡിഎഫ് |
|---|---|
| • വീഴ്ചവരുത്തിയാൽ ടീകോമിന്റെ ഷെയർ അന്നത്തെ വിലയിൽ സർക്കാരിന് ഏറ്റെടുക്കാം.<br>• ഷെയർ മൂല്യം നിശ്ചയിക്കുമ്പോൾ സ്ഥലത്തിന്റെ വില പൂജ്യമായി കണക്കാക്കണം. ഇതുമൂലം ഷെയർ വില കുറഞ്ഞിരിക്കും.<br>• ഏറ്റെടുക്കൽ പ്രായോഗികമാക്കുവാനാണ് ഈ നിർദ്ദേശം.<br>• സൃഷ്ടിക്കാത്ത തൊഴിലവസരത്തിന് ഓരോന്നിനും 6000 രൂപ പിഴ എന്നതിനു പുറമെയാണ് മേല്പറഞ്ഞ നടപടികൾ. | • വീഴ്ചവരുത്തിയാൽ ടീകോമിന്റെ ഷെയർ അന്നത്തെ വിലയിൽ സർക്കാരിന് ഏറ്റെടുക്കാം.<br>• ഷെയർ മൂല്യം നിശ്ചയിക്കുമ്പോൾ സ്ഥലത്തിന്റെ വില 91.52 കോടി രൂപയായി കണ ക്കാക്കണം. ഇതുമൂലം ഷെയർ വില വളരെ കൂടുതലായിരിക്കും.<br>• ഏറ്റെടുക്കൽ ചെലവ് കൂടും.<br>• തൊഴിലവസരം സൃഷ്ടിക്കാതിരുന്നാൽ പിഴ ഈടാക്കാൻ വ്യവസ്ഥ ഇല്ല. |

കർണാടകത്തിന്റെ ഐടി കയറ്റുമതി 36,000 കോടി. കേരളത്തിന്റേത് 800 കോടി. ടെക്നോപാർക്ക് സ്ഥാപിച്ച് 12 വർഷം കഴിഞ്ഞാണ് സർക്കാരിന് ഇൻഫോപാർക്ക് സ്ഥാപിക്കാനായത്. നിലവിൽ 60 - 70 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന് ഡിമാന്റ് ഉണ്ട്. അതിനു വേണ്ടിവരുന്ന ആയിരം കോടിയോളം രൂപ നിക്ഷേപിക്കാൻ സർക്കാരിന്റെ കൈയിൽ പണമില്ല. അതിദ്രുതം മുന്നേറേണ്ട ഐടി മേഖല ഒച്ചിഴയുന്ന വേഗതയിൽ മുന്നോട്ടുപോയപ്പോഴാണ് ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി യുഡിഎഫ് സർക്കാർ ചർച്ച നടത്തിയത്.

ചർച്ച തുടങ്ങിയ അന്നു മുതൽ യു.ഡി.എഫ്. സർക്കാരിനെയും ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതരേയും ഇടതുപക്ഷം കാടടച്ച്

ആക്ഷേപിച്ചു. ഇത് റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്നും കേരളം കണ്ട ഏറ്റവും വലിയ ഭൂമി കുംഭകോണമാണെന്നും അച്യുതാനന്ദൻ ആരോപിച്ചു. ചർച്ച നടത്തിയവരെ ജയിലിലടയ്ക്കുമെന്നു ഭീഷണി പ്പെടുത്തി. ബി.എം.ഡബ്ല്യു ഫാക്ടറി, ഇറ്റാലിയൻ ഫാഷൻ സിറ്റി, നോക്കിയ ഫാക്ടറി തുടങ്ങിയ നിരവധി പദ്ധതികൾകൾക്കുണ്ടായ ദുർഗതി സ്മാർട്ട് സിറ്റിക്ക് ഉണ്ടാകാതിരിക്കണമെന്ന് യുഡിഎഫിന് നിർബന്ധമുണ്ടായിരുന്നതുകൊണ്ടാണ് എൽഡിഎഫിന്റെ ഭീഷണി കളെയും ആരോപണങ്ങളെയും വകവയ്ക്കാതെ ഉറച്ച നിലപാട് സ്വീകരിച്ചത്.

**അന്നൊരു ടീകോം, ഇന്ന് നിരവധി കമ്പനികൾ:** ആകർഷകമായ സൗജന്യങ്ങളുമായി മറ്റു സംസ്ഥാനങ്ങൾ ടീകോം കമ്പനിയെ വട്ടമിട്ടെങ്കിലും അവയെ അതിജീവിക്കാൻ യുഡിഎഫ് സർക്കാരിന് സാധിച്ചു. സ്മാർട്ട് സിറ്റിയുമായി കരാറിൽ ഒപ്പിടുക മാത്രമേ ഇടതു സർക്കാരിനു ചെയ്യേണ്ടിയിരുന്നുള്ളു. അതുകൊണ്ടാണ് ഇന്ന് എൽഡിഎഫ് സർക്കാരിന് സ്മാർട്ട് സിറ്റിയുടെ അന്തിമ കരാറിൽ ഒപ്പിടാനായത്. അന്ന് യുഡിഎഫിനു മുന്നിൽ ഒരേയൊരു സ്മാർട്ട് സിറ്റി മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ എൽഡിഎഫിന്റെ മുന്നിൽ എട്ട് ഐടി കമ്പനികളുണ്ടായിരുന്നു. അവരുമായി പ്രാരംഭ ചർച്ചപോലും നടത്താതെ യു.ഡി.എഫ്. ഗവൺമെന്റിന്റെ മാതൃക സ്വീകരിച്ച് സ്മാർട്ട് സിറ്റിയുമായി നേരിട്ട് ചർച്ചയ്ക്കു തയ്യാറായതു യു.ഡി.എഫിന്റെ നടപടികളെ ശരിവയ്ക്കുകയായിരുന്നു. സൗജന്യങ്ങൾ വാരിക്കോരി നല്കിയശേഷം സൗജന്യങ്ങളൊന്നും നല്കിയിട്ടില്ലെന്ന് സ്ഥാപിക്കാൻ അച്യുതാനന്ദൻ വാശിപിടിക്കുന്നതിനെ ആണ് യു.ഡി.എഫ്. ശക്തിയായി ചോദ്യം ചെയ്യുന്നത്. സ്മാർട്ട് സിറ്റി യുഡിഎഫിന്റെ കുഞ്ഞാണ്. യുഡിഎഫ് സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയും ലക്ഷ്യബോധത്തോടെ യുമുള്ള പ്രവർത്തനത്തിന്റെ വിജയമാണിത്.

ഒടുവിൽ സ്മാർട്ട് സിറ്റിയെ എൽഡിഎഎഫ് നെഞ്ചിലേറ്റി ലാളിക്കുന്നതും ഇപ്പോൾ തങ്ങളുടെ ഏറ്റവും വലിയ നേട്ടമായി ഉയർത്തിപ്പിടിക്കന്നതും കാണുമ്പോൾ യു.ഡി.എഫിനാണ് ചാരിതാർത്ഥ്യം. പദ്ധതി രണ്ടു വർഷം വൈകിച്ചു എന്നതു മാത്രമാണ് എൽഡിഎഫിന്റെ നേട്ടം. പദ്ധതിക്കെതിരേ പ്രതിപക്ഷത്തിരുന്ന് പ്രചണ്ഡമായ പ്രചാരണങ്ങൾ നടത്തി ഒരു വർഷം പാഴാക്കി. യുഡിഎഫിന്റെ കരാർ മോശമാണെന്നു വരുത്തിത്തീർക്കാനായിരുന്നു അധികാരത്തിലേറിയപ്പോഴത്തെ ശ്രമം. അങ്ങനെ മാറ്റത്തിനു വേണ്ടി ചില മാറ്റങ്ങൾ കരാറിൽ കൊണ്ടുവരാൻ മറ്റൊരു വർഷം നഷ്ടപ്പെടുത്തി. ആ മാറ്റങ്ങളാകട്ടെ സംസ്ഥാനത്തിനു ദോഷകരവും.

ഞാൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നല്കാതെ മുഖ്യമന്ത്രി ഒഴിഞ്ഞുമാറി. മന്ത്രിസഭ അംഗീകരിച്ച കരട് കരാറിൽ വരുത്തിയ മാറ്റങ്ങൾ ഏതു സാഹചര്യത്തിലാണെന്ന് പറയാൻ

മുഖ്യമന്ത്രിക്ക് പറ്റുന്നില്ല. മാറ്റങ്ങൾ ടീകോമിന്റെ ആവശ്യപ്രകാരം അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനായിരുന്നു. ഇടതുപക്ഷത്തിന് രാഷ്ട്രീയ പ്രചാരണം നടത്തുവാൻ കൊണ്ടുവന്ന മാറ്റത്തിനു വേണ്ടിയുള്ള മാറ്റങ്ങൾക്ക് സംസ്ഥാനം നല്കേണ്ടിവന്ന വിലയാണിത്.

മന്ത്രിസഭ അംഗീകരിച്ച കരാർ ലഭിച്ചിട്ടും ഞാൻ പ്രതികരിച്ചത് കരാർ ഒപ്പിട്ടശേഷമാണെന്ന് മുഖ്യമന്ത്രി ആക്ഷേപം ഉന്നയിച്ചു. ഇടതു സർക്കാർ സ്മാർട്ടി സിറ്റി ചർച്ച തുടങ്ങിയ അന്നു മുതൽ എന്റെ നിലപാട് ഒന്നുതന്നെയാണ്. അത് ചില കയ്പേറിയ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടായിരുന്നു. യുഡിഎഫ് സ്മാർട്ട് സിറ്റി ചർച്ച തുടങ്ങിയ അന്നുമുതൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് സർക്കാരിനെ രാഷ്ട്രീയമായി പ്രതിക്കൂട്ടിലാക്കി വരിഞ്ഞുമുറുക്കാനാണ് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രമിച്ചത്. വിവാദങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ച് സ്മാർട്ട് സിറ്റി പദ്ധതിയെ അട്ടിമറിക്കാൻ യുഡിഎഫ് ഒരു ഘട്ടത്തിലും ആഗ്രഹിച്ചില്ല. സ്മാർട്ട് സിറ്റി വരട്ടെ. അതു സംസ്ഥാനത്തിനു ഗുണകരമാണ്. അതുകൊണ്ടാണ് കരാറിൽ ഒപ്പിടുന്നതുവരെ പ്രതികരിക്കേണ്ട എന്ന നിലപാട് ഞാൻ സ്വീകരിച്ചത്. കരാറിൽ വരുത്തിയ മാറ്റങ്ങൾ സംസ്ഥാനത്തിനു ഗുണ ത്തിനു പകരം ദോഷകരമാണെന്നു ബോധ്യപ്പെടുകയും മന്ത്രിസഭ അംഗീകരിച്ച കരട് കരാറിലെ വ്യവസ്ഥകൾ ഒപ്പിടുന്നതിനു തൊട്ടുമുമ്പ് ടീകോമിന് അനുകൂലമായി മാറ്റുകയും ചെയ്തപ്പോഴാണ് ഞാൻ പ്രതികരിച്ചത്. സംസ്ഥാനത്തിനു ദോഷകരമായ ആ വ്യവസ്ഥകളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടാണ് ഞാൻ മുഖ്യമന്ത്രിയോട് ആറ് ചോദ്യങ്ങൾ ഉന്നയിച്ചത്. അവ ഇപ്പോഴും ഉത്തരം കിട്ടാതെ അവശേഷിക്കുന്നു.

**മുഖ്യമന്ത്രിയോടുള്ള ചോദ്യങ്ങൾ.**

1) സ്മാർട്ട്സിറ്റിക്കു നല്കിയിരിക്കുന്ന 246 ഏക്കറിൽ കെ.എസ്.ഇ.ബി.യുടെ 100 ഏക്കർറിന്റേയും കിൻഫ്രയുടെ 10 ഏക്കറിന്റേയും വില എത്ര?
2) സ്മാർട്ട്സിറ്റി കരാർ യാഥാർത്ഥ്യമാകുമ്പോൾ ഭൂമി വില ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ടീകോമിന് അച്യുതാനന്ദൻ സർക്കാർ സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ? ഉണ്ടങ്കിൽ എത്ര?
3) Direct job എന്ന യു.ഡി.എഫ്. കരാറിലെ വ്യവസ്ഥയിൽ Direct എന്ന വാക്ക് ഒഴിവാക്കിയത് എന്തിന്?
4) കമ്പനിയുടെ പ്രാരംഭമൂലധന നിക്ഷേപം യു.ഡി.എഫ്. കരാറിൽ 240 കോടി രൂപ ആയിരുന്നത് 120 കോടി രൂപയാക്കി കുറച്ചു കൊടുത്തത് ആരുടെ താല്പര്യം സംരക്ഷിക്കാനാണ്?
5) പ്രാരംഭ മൂലധന നിക്ഷേപത്തിൽ 117.6 കോടി രൂപയുടെ ഇളവ് ടീകോമിനു നൽകിയശേഷവും സർക്കാരിന്റെ ഓഹരി 26

| | |
|---|---|
| | ശതമാനമാക്കി നിശ്ചയിക്കുകയും അതിൽ ആദ്യഗഡു 16 ശതമാനമാക്കി നിജപ്പെടുത്തുകയും ബാക്കി 10% അഞ്ചു വർഷത്തിനുശേഷം വലിയ പ്രീമിയം നല്കി വാങ്ങേണ്ടി വരുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത വരുത്തുകയില്ലേ? |
| 6) | പാട്ടത്തുക ഇനത്തിൽ 104 കോടി രൂപ ചെലവ് കാണിച്ച് ഇൻകംടാക്സ് ഇളവ് നേടാൻ ടീകോമിന് സാഹചര്യം ഒരുക്കിയതു വഴി കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിക്കേണ്ട 34.94 കോടി രൂപ നഷ്ടപ്പെടുത്തിയത് സംസ്ഥാന താല്പര്യമോ? |

എന്റെ കൃത്യമായ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി മറുപടി പറഞ്ഞ മുഖ്യമന്ത്രി മറുപടി പറഞ്ഞു എന്ന് വരുത്തിത്തീർക്കാനാണ് ശ്രമിച്ചത്. എന്റെ ചോദ്യങ്ങളും മുഖ്യമന്ത്രിയുടെ മറുപടിയും തമ്മിൽ കൂട്ടിവായിച്ചാൽ ഇടതുകരാറിലെ എല്ലാ കള്ളക്കളികളും ജനങ്ങൾക്ക് ബോധ്യപ്പെടും. മന്ത്രിസഭ അംഗീകരിച്ച കരട് കരാറിൽ എന്തിനു മാറ്റങ്ങൾ വരുത്തിയെന്ന ചോദ്യത്തിനുമറുപടിയേ ഇല്ല.

വിവാദങ്ങൾ സൃഷ്ടിച്ചും ഭീഷണി മുഴക്കിയും വികസനത്തിന്റെ വഴിമുടക്കുവാൻ ആരു ശ്രമിച്ചാലും അതിന് കീഴടങ്ങില്ലെന്ന നിലപാടാണ് ഞാൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ സ്വീകരിച്ചത്. സങ്കുചിത രാഷ്ട്രീയ പ്രചാരണത്തിന്റെ ബലിക്കല്ലിൽ കേരളത്തിന്റെ അവസരങ്ങൾ ഹോമിക്കപ്പെടരുത് എന്ന നിലപാട് ഞാൻ പ്രതിപക്ഷനേതാവായപ്പോഴും തുടരുകയാണ്. അതാണ് സ്മാർട്ടി സിറ്റിയുടെ കാര്യത്തിലും പ്രതിഫലിച്ചത്.

കേരളത്തിന്റെ വികസനരംഗത്ത് വിവാദങ്ങൾ ഉണ്ടാക്കിയ കനത്ത നഷ്ടങ്ങൾക്ക് ഞാൻ സാക്ഷിയാണ്. കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിനു നഷ്ടപ്പെട്ടത് 20 വർഷമാണ്. കേരളത്തിന്റെ അമൂല്യ സമ്പത്തായ ധാതുമണൽ സംസ്കരിച്ച് വൻ വ്യവസായമാക്കാനുള്ള അന്നത്തെ വ്യവസായ മന്ത്രി ടി.വി. തോമസിന്റെ പരിശ്രമം വിവാദത്തിൽ തട്ടി ഉടയുകയായിരുന്നു. ധാതുസമ്പത്തിന്റെ ചെറിയൊരംശം പോലും ഇതുവരെ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. തൊഴിലില്ലാത്ത ലക്ഷക്കണക്കിനു തൊഴിൽരഹിതർ. ഗൾഫിലെ കൊടുംചൂടിൽ കഷ്ടപ്പെടുന്നവർ. അവരാണ് എന്റെ മനസിൽ നിറഞ്ഞുനില്ക്കുന്നത്. ഓരോ തൊഴിലവസരവും അമൂല്യമാണ്.

സ്മാർട്ടി സിറ്റി കേരളത്തിന്റെ ഐടി വികസനരംഗത്ത് നാഴികക്കല്ലാണ്. പക്ഷേ, അതിന് ഇത്രയും വിലനല്കണമായിരുന്നോ? യുഡിഎഫിന്റെയും എൽഡിഎഫിന്റെയും കരാറുകൾ അപഗ്രഥിച്ചാൽ ഇക്കാര്യം പകൽപോലെ വ്യക്തമാണ്. എന്റെ ആറു ചോദ്യങ്ങളിൽ

നിന്ന് ഒഴിഞ്ഞുമാറിയ മുഖ്യമന്ത്രിയുടെ നിലപാട് മാത്രം മതി ആരാണ് ജനങ്ങളിൽനിന്ന് ഒളിച്ചോടുന്നതെന്നു വ്യക്തമാകാൻ.

സത്യം മറച്ചുവയ്ക്കാൻ കുറച്ചുനാളത്തേക്ക് കഴിയുമായിരിക്കും. പക്ഷേ, അത് പുറന്തോട് പൊട്ടിച്ച് സത്യമായും പുറത്തുവരും. സ്മാർട്ടി സിറ്റിയാണ് അതിന് ഏറ്റവും നല്ല തെളിവ്.